കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ ജീവനക്കാർക്ക് പ്രൊമോഷൻ നൽകാനുള്ള തീരുമാനം

200(1958) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വംഭരണ വകുപ്പിനുകീഴിലുള്ള കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ ജീവനക്കാർക്ക് പ്രൊമോഷൻ നൽകാനുള്ള തീരുമാനമായിട്ടുണ്ടോ :

(ബി) ടെക്നിക്കൽ വിഭാഗത്തിൽ പ്രൂഫ് റീഡറായി ജോലി നോക്കുന്ന ഒരു ജീവനക്കാരനെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ അക്കൗണ്ടന്റായി പ്രൊമോഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ടെക്നിക്കൽ വിഭാഗത്തിൽ ജോലി ചെയ്യുന്ന ആളിന് മിനിസ്റ്റീരിയൽ വിഭാഗത്തിൽ പ്രൊമോഷൻ നൽകുന്നതിന്റെ മാനദണ്ഡം എന്താണ് ;

(ഡി) വർക്കിംഗ് അറേഞ്ച്മെന്റിന്റെ ഭാഗമായി താത്ക്കാലികമായി മിനിസ്റ്റീരിയൽ വിഭാഗത്തിൽ ജോലിനോക്കുന്ന ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട ഒരാളിനെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉയർന്ന സ്ഥാനത്തേക്ക് പ്രൊമോഷൻ നൽകാനുള്ള തീരുമാനം നിയമപരമായി ശരിയാണോയെന്ന് വ്യക്തമാക്കുമോ :

(ഇ) വർക്കിംഗ് അറേഞ്ച്മെന്റിന്റെ ഭാഗമായി മിനിസ്റ്റീരിയൽ വിഭാഗത്തിൽ ജോലി നോക്കുമ്പോൾ ടിയാൾ കൈപ്പറ്റിയിരുന്ന ശമ്പളം ഏത് കാറ്റഗറി അനുസരിച്ചാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത സ്ഥാപനത്തിൽ ടെക്നിക്കൽ വിഭാഗത്തിൽ സ്വീയിംഗ് മെഷീൻ ഓപ്പറേറ്ററായി ജോലി നോക്കുന്ന ആളെ യു. ഡി. ക്ലാർക്കായി പ്രൊമോഷൻ നൽകാനുള്ള തീരുമാനം ഏത് മാനദണ്ഡം അനുസരിച്ചാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) പ്യൂൺ ആയി ജോലി നോക്കുന്ന ആളിനെ യു. ഡി. ക്ലാർക്കായി പ്രൊമോഷൻ നൽകാനുള്ള തീരുമാനം നിയമപരമായി ശരിയാണോയെന്ന് വ്യക്തമാക്കുമോ ;

(എച്ച്) മിനിസ്റ്റീരിയൽ സ്റ്റാഫിനെ 50 വയസ്സ് കഴിഞ്ഞാൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ നിന്നും ഒഴിവാക്കാം എന്ന വ്യവസ്ഥ ടെക്നിക്കൽ വിഭാഗത്തിനും ബാധകമാക്കിയിട്ടുണ്ടോ ; എങ്കിൽ ഏത് ഓർഡർ അനുസരിച്ചാണ് അത് ബാധകമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ നിയോഗിച്ച ഉന്നതതല സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമലക്ഷ്മിയിലെ ജീവനക്കാർക്കായി ഒരു പുതിയ Staff pattern നിശ്ചയിക്കുകയും അതിൽ നിലവിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ അബ്സോർബ് ചെയ്യുകയും ചെയ്ത് ഉത്തരവിറക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) Proof reader cum compositor തസ്തികയിലുള്ള ആളെ നിലവിൽ ഓഫീസ് ജോലിയിലെ പരിചയ സമ്പന്നത പരിഗണിച്ച് അക്കൗണ്ടന്റ് തസ്തികയിൽ അബ്സോർബ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ടെക്നിക്കൽ വിഭാഗത്തിൽ നിന്നും ഓഫീസ് ജോലിക്ക് നിയോഗിച്ചു വന്നിരുന്നവരുടെ പരിചയ സമ്പന്നത കണക്കിലെടുത്താണ് ആ തസ്തികകളിൽ അബ്സോർബ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) മിനിസ്റ്റീരിയൽ വിഭാഗത്തിൽ ജോലിക്ക് നിയോഗിച്ചിരുന്ന ടെക്നിക്കൽ ജീവനക്കാരെ ആ തസ്തികയിൽ അബ്സോർബ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ആരെയും പ്രൊമോഷൻ നൽകി നിയമിച്ചിട്ടില്ല.

(ഇ) മിനിസ്റ്റീരിയൽ ജീവനക്കാരുടെ അഭാവത്തിൽ ആ ജോലികൾ നിർവ്വഹിച്ചു വരുന്ന ടെക്നിക്കൽ ജീവനക്കാർക്ക് അവരുടെ മാതൃ തസ്തികയിലെ ശമ്പളമാണ് നൽകിവരുന്നത്.

(എഫ്) നിലവിൽ ഒഴിവുണ്ടായിരുന്ന clerical തസ്തികയിൽ നിയമനം നടത്താത്ത സാഹചര്യത്തിൽ Technical വിഭാഗത്തിലെ ജീവനക്കാരെ അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ clerical ജോലിക്ക് നിയോഗിച്ച് വന്നിരുന്നു. ഇത്തരത്തിൽ ജോലി ചെയ്തു വന്നിരുന്ന ആൾക്കാരെ മിനിസ്റ്റീരിയൽ തസ്തികയിലേക്ക് അബ്സോർബ് ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. ആരെയും പ്രൊമോഷൻ നൽകി നിയമിച്ചിട്ടില്ല.

(ജി) മുദ്രാലയത്തിലെ പ്യൂണിന്റെ ഓഫീസ് ജോലികളിലെ പരിചയ സമ്പന്നതയും ദീർഘകാലത്തെ സേവനവും പരിഗണിച്ചാണ് യു.ഡി. ക്ലാർക്കായി അബ്സോർബ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

(എച്ച്) ബാധകമാക്കിയിട്ടില്ല.

പഞ്ചായത്തുകളിലെ കണക്കുകൾ ആഡിറ്റ് നടത്തുന്നതിന് നടപടി

201(1959) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര പഞ്ചായത്താഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പഞ്ചായത്തുകളിലെ കണക്കുകൾ യഥാസമയം എഴുതി സൂക്ഷിക്കുന്നതിനും ആഡിറ്റ് നടത്തുന്നതിനും നിലവിൽ ഒരു ഏകീകൃത രീതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുതുതായി രൂപം കൊണ്ടിട്ടുള്ള ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ചതും കേന്ദ്ര സർക്കാർ അംഗീകരിച്ചതുമായ അക്കൗണ്ടിംഗ് ഫോർമാറ്റുകളും അക്കൗണ്ടിംഗ് രീതികളുമാണ് പഞ്ചായത്തുകളിൽ നിലവിലിരിക്കുന്നത്. എല്ലാ ത്രിതല പഞ്ചായത്തുകളും പ്രസ്തുത രീതിയിലാണ് അക്കൗണ്ടുകൾ സൂക്ഷിക്കുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 അനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ആണ് പഞ്ചായത്തുകളുടെ ഓഡിറ്റ് നടത്തുന്നത്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly